"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്- ഓഖി ദുരന്തത്തിൽപ്പെട്ട് മത്സ്യബന്ധനോപാധികൾ നഷ്ടപ്പെട്ടത്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നഷ്ടപരിഹാരം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**മത്സ്യബന്ധന തുറമുഖ (ബി)വകുപ്പ്**

സ.ഉ.(കൈ) നം.9/2022/F&P തീയതി,തിരുവനന്തപുരം, 14-05-2022

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 28/09/20, 03/11/21, 2/02/2022, 17/04/2022 തീയതികളിലെ DFTVM/1641/2020- SIFPMC നമ്പർ കത്തുകൾ

**ഉത്തരവ്**

ഓഖി ദുരന്തത്തിൽപ്പെട്ട് വള്ളവും വലയും നഷ്ടപ്പെട്ടതിന് അനുവദിച്ച നഷ്ടപരിഹാരം കുറഞ്ഞുപോയി എന്ന് കാണിച്ച് ശ്രീ . കെജിൻ ബോസ്കോ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 7,33,150/- രൂപ ടിയാന് അനുവദിക്കുന്നതിന് പരാമർശ കത്ത് പ്രകാരം ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി . പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഖി ദുരന്തത്തിൽപ്പെട്ട് നഷ്ടം സംഭവിച്ചവരിൽ ആകെ എത്ര പേർക്കാണ് ഇനിയും ധനസഹായം നൽകാനുള്ളത് എന്നത് സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ഫിഷറീസ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ഓഖി ദുരന്തത്തിൽപ്പെട്ട് വള്ളവും അനുബന്ധ ഉപകരണങ്ങളും നഷ്ടപ്പെട്ട വകയിൽ ചുവടെ പട്ടികപ്പെടുത്തിയ പ്രകാരം 4 പേർക്ക് ആകെ 24,60,405/- രൂപ നഷ്ടപരിഹാരമായി CMDRF ഫണ്ടിൽ നിന്ന് അനുവദിക്കണമെന്ന് പരാമർശ പ്രകാരം ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിക്കുകയുമുണ്ടായി . ഈ നാലു പേർ കൂടാതെ ഓഖി ദുരന്തത്തിൽ ഇനിയും നഷ്ടപരിഹാരം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് അർഹരായ അപേക്ഷകർ നിലവിൽ ഇല്ലാ എന്നും പരാമർശ പ്രകാരം ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട് .

| ക്രമ നം. | അപേക്ഷകന്റെ പേര് | നഷ്ടപ്പെട്ട മത്സ്യബന്ധന ഉപകരണം | Evaluation കമ്മിറ്റി ശിപാർശ ചെയ്ത നഷ്ടപരിഹാര തുക (രൂപയിൽ) |
|---|---|---|---|
| 1 | ശ്രീമതി. ബ്രിജിൻ മേരി, പൂന്തുറ | വള്ളവും വലയും | 2,08,865/- |
| 2 | ശ്രീ.കെജിൻ ബോസ്കോ, പൊഴിയൂർ | രണ്ടു വള്ളങ്ങൾ | 7,33,150/- |
| 3 | ശ്രീ.റോമൽ, വള്ളക്കടവ് | വല | 6,38,390/- |
| 4 | ശ്രീ.മാത്യൂസ്, പൊഴിയൂർ | വല | 8,80,000/- |
| **ആകെ** | | | **24,60,405** |

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓഖി ദുരന്തത്തിൽ വള്ളവും വലയും നഷ്ടപ്പെട്ട

മുകളിൽ പട്ടികപ്പെടുത്തിയ 4 പേർക്ക് നഷ്ടപരിഹാരത്തുക നൽകുന്നതിന് ആകെ 24,60,405/- രൂപ (ഇരുപത്തി നാല് ലക്ഷത്തി അറുപതിനായിരത്തി നാന്നൂറ്റി അഞ്ച് രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(3)** ഇതിനാവശ്യമായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും (CMDRF) ഫിഷറീസ് ഡയറക്ടർക്ക് നൽകുന്നതിനായി റവന്യൂ DRF വകുപ്പ് തുടർനടപടി സ്വീകരിക്കുന്നതാണ്.

**4)** ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് ഇനി ധനസഹായം അനുവദിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K S SRINIVAS
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ് :-

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (vide U.O.No.2010156/Funds 1/51/2021-Fin, dated 23/03/2022)

റവന്യൂ (DRF) വകുപ്പ്

പൊതു ഭരണ ( എസ് സി ) വകുപ്പ്

ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ